പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1479

31.10.2019-ൽ മറുപടിയ്ക്ക്

## ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രത്തിന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ പോകുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും വിശദാംശം 2019 ഏപ്രിൽ 1 മുതൽ രേഖപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും തൊഴിലാളികളുടെയും യാനത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി തയ്യാറാക്കിയത് നടപ്പിലാക്കി വരുന്നു. ഇതിനകം 15597 മത്സ്യബന്ധന യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു. |
| (ബി) | വിഴിഞ്ഞത്ത് ഉദ്ഘാടനം കഴിഞ്ഞ ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രം പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എന്തൊക്കെ കാര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തേണ്ടത; വിശദമാക്കാമോ; | (ബി) | വിഴിഞ്ഞത്ത് ഉദ്ഘാടനം കഴിഞ്ഞ ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രം പ്രവർത്തന സജ്ജമായിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിനാവശ്യമായ മറ്റ് അനുബന്ധ സൗകര്യങ്ങളും കൂടി ഏർപ്പെടുത്തി വരുന്നു. |
| (സി) | ഫിഷറീസ് ട്രെയിനിംഗ് കേന്ദ്രത്തിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഫിഷറീസ് സ്റ്റേഷൻ, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം, ഫിഷറീസ് സ്റ്റേഷൻ എന്നിവ നിലവിൽ വിഴിഞ്ഞത്ത് പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾ ഉടനെ പുതിയ ട്രെയിനിംഗ് സെന്റർ കെട്ടിടത്തിലേയ്ക്ക് മാറുന്നതാണ്. |

സെക്ഷൻ ഓഫീസർ